(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജി.-യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽ വച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകിവരുന്നുണ്ട്.

കമ്പനി/ബോർഡ്/കോർപ്പറേഷനിലേക്കുള്ള അസിസ്റ്റന്റ് നിയമനം

73 (7632) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനപ്പെട്ട എല്ലാ തസ്തികകളിലേക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ പി.എസ്.സി-യോട് ശുപാർശ ചെയ്തിട്ടും വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എത്രയുംപെട്ടെന്ന് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ അസിസ്റ്റന്റ് ഗ്രേഡ്-2 (കാറ്റഗറി നമ്പർ 489/2011) തസ്തികയുടെ സാധ്യതാ പട്ടിക 23-5-2014-ന് പ്രസിദ്ധീകരിച്ചിരുന്നു. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് കൊല്ലം മേഖലാ ഓഫീസിലായതിനാൽ അനുബന്ധ രേഖകൾ ടി ഓഫീസിലേക്ക് കൈമാറിയിരിക്കുകയാണ്. 14054 പേർ ഉൾപ്പെട്ട ടി സാധ്യതാ പട്ടികയിലെ 48 വികലാംഗ ഉദ്യോഗാർത്ഥികൾ ഒഴികെയുള്ള 14006 ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വിവിധ ജില്ലാ, മേഖലാ ഓഫീസുകളിലായി 2014 ജൂലൈ 15 മുതൽ 25 വരെ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. റാങ്ക് പട്ടിക സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പ്രമാണ പരിശോധന കഴിയുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടുന്ന കമ്പനി/കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് ഗ്രേഡ്/ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 490/2011) തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

എൽ.ഡി.സി. നിയമനം

74 (7633) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യിൽ ഇപ്പോൾ നിലവിലുള്ള ജില്ലാതല എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽനിന്ന് നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015 മാർച്ചിൽ അവസാനിക്കുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്ന് ന്യായമായ നിയമനങ്ങൾ നടക്കാത്തപക്ഷം ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എൽ.ഡി. ക്ലാർക്ക് തസ്തികകളിലേക്ക് എല്ലാ വകുപ്പുകളും സമയബന്ധിതമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എൽ.ഡി. ക്ലാർക്ക് ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡ്രൈവർ തസ്തികയിലെ നിയമനം

75 (7634) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽവന്നത് ; പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് ; വിശദമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ താല്ക്കാലികമായി ജോലി ചെയ്യുന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസ്

76 (7637) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടന്ന പി.എസ്.സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly